"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-ലൈഫ് മിഷൻ-പെരിന്തൽമണ്ണ നഗരസഭ- ഭവന സമുച്ചയം നിർമ്മാണം- 6.89 കോടി രൂപ അനുവദിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്**

G.O.(Rt)No.1209/2021/LSGD തീയതി,തിരുവനന്തപുരം, 25/06/2021

പരാമർശം:- 1 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 23/11/2018-ലെ LM/EW/3785/LIFE-Apartment-2018 നമ്പർ നടപടിക്രമം.

2 സ.ഉ(സാധാ) 2479/2019/തസ്വഭവ, തീയതി 06/11/2019

3 സ.ഉ(സാധാ) 1051/2020/തസ്വഭവ, തീയതി 04/06/2020

4 സ.ഉ(കൈ) 176/2020/തസ്വഭവ, തീയതി 06/11/2020

5 സ.ഉ(സാധാ) 463/2020/തസ്വഭവ, തീയതി 17/02/2021.

6 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 09/02/2021-ലെ LM/EW/3785/LIFE-Apartment-Perinthalmanna/2018 നമ്പർ കത്ത്.

**ഉത്തരവ്**

പെരിന്തൽമണ്ണ നഗരസഭയുടെ ഉടമസ്ഥതയിലുള്ള 6.93 ഏക്കർ സ്ഥലത്ത് ലൈഫ് മിഷൻ മൂന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി 400 പേർക്ക് ഭവന സമുച്ചയം നിർമ്മിക്കുന്നതിനായി 20 **കോടി രൂപ പരാമർശം (1) പ്രകാരം അനുവദിച്ചിരുന്നു.**ആയതിൻ പ്രകാരം പ്രവൃത്തി ആരംഭിക്കുവാൻ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും പെരിന്തൽമണ്ണ നഗരസഭ സെക്രട്ടറിയും കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിച്ചിരുന്നു.ടി കരാർ പ്രകാരം ഗുണഭോക്താക്കളുമായി നഗരസഭ സെക്രട്ടറി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിച്ച ഘട്ടത്തിൽ പരാമർശം (2) പ്രകാരം 5 കോടി രൂപയും പ്രവൃത്തി 25% പൂർത്തീകരിച്ച് മുനിസിപ്പൽ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം 5 കോടി രൂപയും പ്രവൃത്തി 50% പൂർത്തീകരിച്ച് മുനിസിപ്പൽ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം 5 കോടി രൂപയും ഉൾപ്പെടെ 15 കോടി രൂപ നഗരസഭയ്ക്ക് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് കെട്ടിട നമ്പർ നൽകിയതിന് ശേഷം ബാക്കിവരുന്ന 5 കോടി രൂപ നഗരസഭയ്ക്ക് നൽകുന്നതിനാണ് കരാറിൻപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളത്.

2) ആകെ പദ്ധതി തുകയായ 54.45 കോടി രൂപയിൽ സർക്കാർ - നഗരസഭ വിഹിതമായി 37.56 കോടി രൂപയും ബാക്കിവരുന്ന 16.89 കോടി രൂപ ഗുണഭോക്തൃ വിഹിതം , വിവിധ സംഭാവനകൾ , സി.എസ്.ആർ ഫണ്ടുകൾ എന്നിവയിലൂടെ സമാഹരിക്കുവാനാണ് ഉദ്ദേശിച്ചിരുന്നതെന്നും എന്നാൽ വിഭാവനം ചെയ്ത 16.89 കോടി രൂപയിൽ 10 കോടി രൂപ മാത്രമാണ് പരമാവധി സമാഹരിക്കാൻ കഴിയുന്നതെന്നും പൊതു വിഹിതമായ 37.56 കോടി രൂപയിൽ പി.എം.എ.വൈ വിഹിതമായ 6 കോടി

രൂപയും തൊഴിലുറപ്പ് , ശുചിത്വമിഷൻ വിഹതമായ 1.56 കോടി രൂപയും ഉൾപ്പെടെ 7.56 കോടി രൂപ ഇതുവരെയും ലഭ്യമായിട്ടില്ലെന്നും പെരിന്തൽമണ്ണ നഗരസഭ ചെയർമാൻ അറിയിച്ചിരിയ്ക്കുന്നുവെന്നും ലൈഫ് മിഷൻ, പെരിന്തൽമണ്ണ നഗരസഭയ്ക്ക് ഉടമ്പടി പ്രകാരം നൽകേണ്ട 2 0 കോടി രൂപയിൽ നഗരസഭയ്ക്ക് ലഭ്യമായിട്ടുള്ള 15 കോടി രൂപ കിഴിച്ച് ബാക്കിവരുന്ന 5 കോടി രൂപ ഉടമ്പടിയിലെ 9 (4) പ്രകാരമുള്ള വ്യവസ്ഥകളിൽ ഇളവ് നൽകികൊണ്ട് അനുവദിക്കണമെന്നും ഇതിന് പുറമെ കോവിഡ്- 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വിവിധ ധനസ്രോതസുകളിൽ നിന്നും സമാഹരിക്കാൻ കഴിയാത്ത 6.89 കോടി രൂപ കൂടി സർക്കാരിൽ നിന്നും ലൈഫ് മിഷൻ വഴി അനുവദിച്ച് നൽകണമെന്നും പെരിന്തൽമണ്ണ നഗരസഭ ചെയർമാൻ അപേക്ഷിയ്ക്കുകയുണ്ടായി. പെരിന്തൽമണ്ണ നഗരസഭ ലൈഫ് മിഷൻ മൂന്നാംഘട്ടപദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ഭവന സമുച്ചയം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അവസാന ഗഡുവായ 5 കോടി രൂപയുടെ 50% ആയ 2.5 കോടി രൂപ 4217-60-051-95(PV) Life Mission(Urban) എന്ന ശീർഷകത്തിൽ നിന്നും **പരാമർശം (5) പ്രകാരം, ബാക്കി തുക മേൽ തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാകുന്ന മുറയ്ക്ക് നൽകുന്നതാണ് എന്ന നിബന്ധനയിൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.**

**3) പെരിന്തൽമണ്ണ നഗരസഭ ലൈഫ് മിഷൻ മൂന്നാംഘട്ട പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന ഭവന സമുച്ചയം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി നഗരസഭയ്ക്ക് മറ്റ് സ്രോതസ്സുകളിൽ നിന്നും സമാഹരിക്കാൻ കഴിയാത്ത 6.89 കോടി രൂപ ലൈഫ് മിഷനിൽ നിന്നും അനുവദിച്ച് നൽകണമെന്നുള്ള നഗരസഭ ചെയർമാന്റെ പ്രോപ്പോസൽ മേൽ നടപടികൾക്കായി പരാമർശം (6) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.**

4) **സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി.** ലൈഫ് മിഷൻ മൂന്നാംഘട്ട പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന ഭവന സമുച്ചയം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി പെരിന്തൽമണ്ണ നഗരസഭയുടെ ഷെയർ 6.89 കോടി രൂപ, (6 കോടി എൺപത്തിഒൻപതു ലക്ഷം രൂപ മാത്രം ) ലൈഫ് മിഷന്റെ സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ നിന്നും നഗരസഭയ്ക്ക് അനുവദിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു. ടി തുക(6.89 കോടി രൂപ) പെരിന്തൽമണ്ണ നഗരസഭക്ക് 2021 ജൂലൈ മാസം മുതൽ അനുവദിക്കുന്ന വികസന ഫണ്ടിൽ നിന്നും (സാധാരണ വിഹിതം) നാലര വർഷ കാലയളവ് കൊണ്ട് (14 തവണകളായി) തിരികെ അടയ്ക്കേണ്ടതാണ്. .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C S Sreekala
Joint Secretary

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

നഗരകാര്യഡയറക്ടർ, തിരുവനന്തപുരം

ചെയർമാൻ/സെക്രട്ടറി, പെരിന്തൽമണ്ണ നഗരസഭ.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എസ്.എ), കേരളം, തിരുവനന്തപുരം.(ഇതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരമുണ്ട്).

ധനകാര്യവകുപ്പ്(എസ്.എഫ്.സി.2/50/2021 എസ്.എഫ്.സി സെൽ എ വകുപ്പ് തീയതി 14/05/2021 പ്രകാരം.)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Reenamma P A
Date: 28-06-2021 10:38:52
Reason: Approved

സെക്ഷൻ ഓഫീസർ